## പത്രകുറിപ്പ്

**ബഹു. രാഷ്ട്രപതി അവർകളുടെ കേരള സന്ദർശനത്തോടനുബന്ധിച്ച് തിരുവനന്തപുരം നഗരത്തിൽ 27.10.2017, 28.10.2017 എന്നീ തീയതികളിൽ ചുവടെ പറയും പ്രകാരമുള്ള ഗതാഗത നിയന്ത്രണം ഉണ്ടയിരിക്കുന്നതാണ്.**

### ഗതാഗതനിയന്ത്രണം 27.10.2017.

**27.10.2017** തീയതി ഉച്ചയ്ക്ക് **01.00** മണി മുതൽ **06.00** മണിവരെ എയർപോർട്ട്, ആൾസെയിൻസ്, ചാക്ക, വെൺപാലവട്ടം, ആക്കുളം, കുഴിവിള, മുക്കോലയ്ക്കൽ, ആറ്റിൻകുഴി, ടെക്നോപാർക്ക്, കഴക്കൂട്ടം, വെട്ടുറോഡ് പള്ളിപ്പുറം- മംഗലപുരം വരെയുള്ള റോഡിലും, വൈകുന്നേരം **04.00** മണി മുതൽ **08.00** മണിവരെ പേട്ട, പാറ്റൂർ, ജനറൽ ആശുപത്രി, ആശാൻ സ്വകയർ, രക്തസാക്ഷി മണ്ഡപം, ആർ.ആർ.ലാംമ്പ്, മ്യൂസിയം വെള്ളയമ്പലം, രാജ്ഭവൻ കവടിയാർ വരെയുള്ള റോഡിലും, കവടിയാർ, രാജ്ഭവൻ, വെള്ളയമ്പലം, വഴുതക്കാട് വരെയുള്ള റോഡിലും ഗതാഗതനിയന്ത്രണവും, പാർക്കിംഗ് നിയന്ത്രണവും ഉണ്ടായിരിക്കുന്നതാണ്.

അന്നേദിവസം ഉച്ചയ്ക്ക് **1.00** മണി മുതൽ ദേശീയപാതയിൽ നിന്നും തിരുവനന്തപരം ഭാഗത്തേയ്ക്ക് വരുന്ന ഹെവി വാഹനങ്ങൾ ആറ്റിങ്ങൽ മൂന്ന്മുക്കിൽ നിന്നും തിരിഞ്ഞ് ഇളമ്പ – വെഞ്ഞാറമൂട് എത്തി പോകേണ്ടതും മറ്റ് എല്ലാ വാഹനങ്ങളും മംഗലപുരം ജംഗ്ഷനിൽ നിന്നും തിരിഞ്ഞ് പോത്തൻകോട്- കാട്ടയിക്കോണം- ശ്രീകാര്യം വഴി പോകേണ്ടതുമാണ്.

### ഗതാഗതനിയന്ത്രണം 28.10.2017.

**28.10.2017** തീയതി രാവിലെ **07.00** മണിമുതൽ രാവിലെ **11.00** മണിവരെ രാജ്ഭവൻ, വെള്ളയമ്പലം, മ്യൂസിയം, ആർ.ആർ.ലാംമ്പ്, പാളയം, വി.ജെ.റ്റി, ആശാൻ സ്വകയർ, ജനറൽ ആശുപത്രി, പാറ്റൂർ, നാലുമുക്ക്, പേട്ട, ചാക്ക, ആൾ സെയിന്റ്സ്, ശംഖുംമുഖം വരെയുള്ള റോഡിലും ഗതാഗതനിയന്ത്രണവും, പാർക്കിംഗ് നിയന്ത്രണവും ഉണ്ടായിരിക്കുന്നതാണ്.

കവടിയാർ – വെള്ളയമ്പലം - മ്യൂസിയം - ആർ.ആർ ലാംമ്പ് - വി.ജെ.റ്റി - ആശാൻസ്ക്വയർ ജനറൽഹോസ്പിറ്റൽ – പേട്ട - ചാക്ക റോഡിലും, വെള്ളയമ്പലം- വഴുതക്കാട്-തൈക്കാട് റോഡിലും, എയർപ്പോർട്ട് - ചാക്ക വരെയുള്ള റോഡിലും, കഴക്കൂട്ടം - കോവളം ബൈപ്പാസ് റോഡിലും മേൽപ്പറഞ്ഞ ദിവസങ്ങളിൽ ഒരു കാരണവശാലും വാഹനങ്ങൾ പാർക്ക് ചെയ്യുവാൻ അനുവദിക്കുന്നതല്ല.

വിമാനത്താവളലേയ്ക്ക് വരുന്ന യാത്രക്കാർ കാലേക്കൂട്ടി ഗതാഗത തിരക്ക് കണക്കിലെടുത്ത് യാത്രകൾ ക്രമീകരിക്കേണ്ടതും, ഡൊമസ്റ്റിക് എയർപ്പോർട്ടിലേക്ക് പോകേണ്ട വാഹനങ്ങൾ കഴക്കൂട്ടം - കോവളം ബൈപ്പാസ് റൂട്ട് ഒഴിവാക്കി, മംഗലപുരം - മുരുക്കുംപുഴ - മേനംകുളം - തുമ്പ – വേളി - മാധവപുരം - ആൾ സെയിന്റ്സ് വഴി പോകേണ്ടതാണ്.

തിരുവനന്തപുരം സിറ്റി പോലീസിന്റെ മേൽ പറഞ്ഞ ഗതാഗത ക്രമീകരണങ്ങളോട് പൊതുജനങ്ങൾ സഹകരിക്കേണ്ടതാണ്.

ട്രാഫിക്കുമായി ബന്ധപ്പെട്ട പരാതികൾക്കും നിർദ്ദേശങ്ങളും താഴെപ്പറയുന്ന ഫോൺ നമ്പറുകളിൽ അറിയിക്കാവുന്നതാണ്.

ഫോൺ നമ്പറുകൾ:-

0471-2558731
0471-2558732

പോലീസ് അസിസ്റ്റന്റ് കമ്മീഷണർ
ട്രാഫിക് സബ് ഡിവിഷൻ (നോർത്ത്)
തിരുവനന്തപുരം സിറ്റി.